# 8
# തിബ്നി
# ഭിന്നതയുടെ തിന്മകൾ

*വേദഭാഗം: 1 രാജാക്കന്മാർ 16:15-22*

ഒരു വിചിത്ര ജന്തു പതുങ്ങിയിരുന്നു കുടുംബങ്ങളെയും സഭകളേയും, സംഘടനകളേയും, ദേശങ്ങളേയും അന്തർഛിദ്രത്തിലാഴ്ത്തുന്നു. “ഭിന്നിക്കുകയും കീഴ്പ്പെടുത്തുകയും” എന്നതാണ് പിശാചിന്റെ എപ്പോഴുമുള്ള വിജയതന്ത്രം. “ഒരു കുടുംബം ഛിദ്രിച്ചാൽ അതിന് നിലനിൽക്കുവാൻ സാധ്യമല്ല,” എന്നറിഞ്ഞ് അവൻ സഹോദരനെതിരായി സഹോദരനെ മാറ്റുന്നു. പുറമെനിന്നുള്ള മരംകൊത്തിയെ ഉപയോഗിച്ച് സഭയെ തകർക്കുവാൻ അവന് കഴിഞ്ഞില്ലെങ്കിൽ, അവൻ അതിനായി ഉള്ളിൽ നിന്ന് പതുക്കെപതുക്കെ ചിതലിനെ ഉപയോഗിച്ച് കാര്യം നേടും.

മറ്റെല്ലാ കുഴപ്പങ്ങളോടൊപ്പം യിസ്രായേലിന് ദേശീയമായ ഭിന്നതയേയും നേരിടേണ്ടതായി വന്നു, ആ പ്രശ്നം അവരുടെ വീഴ്ചക്കുള്ള അവസാന പടിയായിരുന്നു. ഒരു ഭിന്നതക്ക് അവസാനം വരെ തയ്യാറാകാതിരുന്ന ദേശമായിരിക്കാം യിസ്രായേൽ. ഒരു തൂവാല പോലെ എറിഞ്ഞു കളഞ്ഞത് മൂന്നു രാജാക്കന്മാരുടെ ഭരണസമയത്തായിരുന്നു. ബി. സി. 931 മുതൽ ആകെ അഞ്ച് രാജാക്കന്മാർ വാഴുകയും, ദൈവത്തിന്റെ ന്യായവിധിയാൽ അവർ അഞ്ചുപേരും മരിച്ചു പോകുകയും ചെയ്തു. അഞ്ചുപേരിൽ, ഒരാൾ ദൈവത്താൽ അടിക്കപ്പെട്ടു (യെരോബയാം), രണ്ടുപേർ കൊല്ലപ്പെട്ടു (നാദാബും, ഏലായും), ഒരാൾ ആത്മഹത്യ ചെയ്തു (സിമ്രി). ബെയേശക്ക് എന്തു സംഭവിച്ചു എന്ന് പോലും നമ്മൾക്കറിയില്ല. യെരോബയാം ഇരുപത്തി-രണ്ട് വർഷവും ബയേശ ഇരുപത്തി-നാല് വർഷവും, നീണ്ട ഭരണം കാഴ്ച്ചവെച്ചു. യെരോബയാം തന്റെ സ്വന്ത മതം സ്ഥാപിക്കുവാനാണ് സമയം ചെലവിട്ടതെങ്കിൽ, ബയേശ യെരോബയാമിന്റെ മതത്തെ നിലനിർത്തുവാനാണ് സമയം ചിലവിട്ടത്. അതു കൊണ്ട്, ദേശത്തിനാവശ്യമായ ആത്മീയ നേതൃത്വം നൽകുവാൻ രണ്ട് രാജാക്കന്മാർക്കും കഴിഞ്ഞില്ല. ആ പരാജയങ്ങളുടെ ഫലമായി യിസ്രായേൽ ആത്മികമായും ഘടനാ പരമായും ബലഹീനാവസ്ഥയിലായി. ആളുകൾക്ക് ആത്മികമായ ജീവിതമാറ്റവും, ദൈവത്തോടുള്ള പുന സമർപ്പണവും ആവശ്യമായിരുന്നു. ആരെങ്കിലും ദേശത്തെ ഒന്നായി ദൈവത്തിലേക്ക് തിരിച്ചില്ലെങ്കിൽ, മരണം സുനിശ്ചിതമായിരുന്നു. അതിനുള്ള ഉത്തരം ഒരു പക്ഷേ അടുത്ത രാജാവായിരിക്കാം.

എല്ലാ ദൈവാ-ന്വേഷികളേയും നിരാശപ്പെടുത്തിക്കൊണ്ട്, അടുത്ത രാജാവായ തിബ്നിയും പ്രത്യാശക്കു വക നൽകിയില്ല. അടുത്ത രാജാവ് സിംഹാസനത്തിൽ വന്നപ്പോൾ കാര്യങ്ങൾ കൂടുതൽ വഷളായി, ദേശത്തെ വിഭജിച്ച് പോരാടുന്ന രണ്ട് കൂട്ടമാക്കി. ഈ പോരാട്ടം ദേശത്ത് നാല്-അല്ലെങ്കിൽ അഞ്ച്-വർഷം-നീണ്ടുനിന്നു. ആ വർഷങ്ങളിൽ ഉണ്ടായ അനൈക്യം ദേശത്തെ നാശത്തിലേക്ക് നയിച്ചു. വിഭജിക്കപ്പെട്ട നിലയിൽ രാജ്യം തുടർന്നു പോയിരുന്നു എങ്കിൽ വടക്കുള്ള ദമസ്കോസും കിഴക്കുള്ള അശ്ശൂര്യരും

അവരെ കീഴ്പ്പെടുത്തുമായിരുന്നു. നിമിഷങ്ങൾക്കുള്ളിൽ ദേശത്തിന്റെ മരണമണി മുഴങ്ങുകയും ചെയ്യുമായിരുന്നു.

ആ നാശത്തെ എന്താണ് കൊണ്ടു വന്നത്? പിശാച് എങ്ങനെയാണ് അധർമ്മം പ്രവർത്തിച്ചത്. അവന്റെ നശീകരണായുധങ്ങളിലൊന്നായ, ഭിന്നതയാണ് ഉപയോഗിച്ചത്. ദേശത്തിലെ പകുതിഭാഗം ജനങ്ങൾ ഇഷ്ടപ്പെട്ട ഒമ്രിയെ, മറ്റെ പകുതി സ്വീകരിപ്പാൻ തയ്യാറായില്ല. ഒമ്രിയുടെ നിയമനം അംഗീകരിക്കാതിരുന്ന കൂട്ടർ തിബ്നിയെ അവരുടെ രാജാവായി തിരഞ്ഞെടുത്തു:

> അന്നു യിസ്രായേൽ ജനം രണ്ടു ഭാഗമായി പിരിഞ്ഞു; പാതി ജനം ഗീനത്തിന്റെ മകനായ തിബ്നിയെ രാജാവാക്കേണ്ടതിന്നു അവന്റെ പക്ഷം ചേർന്നു; പാതി ജനം ഒമ്രിയുടെ പക്ഷം ചേർന്നു. എന്നാൽ ഒമ്രിയുടെ പക്ഷം ചേർന്ന ജനം ഗീനത്തിന്റെ മകനായ തിബ്നിയുടെ പക്ഷം ചേർന്ന ജനത്തെ തോൽപ്പിച്ചു; അങ്ങനെ തിബ്നി പട്ടുപോകയും ഒമ്രി രാജാവാകയും ചെയ്തു. യെഹൂദാരാജാവായ ആസയുടെ മുപ്പത്തൊന്നാം ആണ്ടിൽ ഒമ്രി യിസ്രായേലിൽ രാജാവായി പന്ത്രണ്ടു സംവത്സരം വാണു; തിർസ്സയിൽ അവൻ ആറു സംവത്സരം വാണു (16:21-23).

തിബ്നി യിസ്രായേലിന്റെ ഒരു ഭാഗം നാലോ അല്ലെങ്കിൽ അഞ്ചോ വർഷം വാണു (ബി. സി. 885 മുതൽ 881 വരെ.), അതേ സമയം ഒമ്രി മറ്റേ ഭാഗത്തേയും വാണു. ഈ വിഭജിക്കപ്പെട്ട സമയത്ത്, രണ്ട് ഭാഗങ്ങളും തമ്മിൽ യുദ്ധത്തിൽ ഏർപ്പെടുകയും അവസാനം ഒമ്രി ജയിക്കുകയും, ഏക ഭരണാധികാരി ആകുകയും ചെയ്തു.

തിബ്നി പ്രസിദ്ധനാകാത്തവനായിരുന്നു. അവൻ ഒരു നിമിഷത്തേക്കു മാത്രം യിസ്രായേലിന്റെ ചരിത്രത്തിലേക്ക് കടന്നു വരികയും പിന്നെ അപ്രത്യക്ഷമാകുകയും ചെയ്തു. അവനെങ്ങനെ മരിച്ചു എന്നു പോലും നമുക്കറിയില്ല. അവൻ യുദ്ധത്തിൽ കൊല്ലപ്പെട്ടതായിരുന്നുവോ? അവൻ തന്നെ അവന്റെ മരണത്തിന് കാരണമായോ? നമുക്കറിയില്ല.

യിസ്രായേലിനെ അവൻ ഐക്യതയിൽ നിന്ന് ഭിന്നതയിലേക്കു നയിച്ചു എന്ന് നമുക്കറിയാം. അതിന്റെ ഭരണം നീതിയുള്ളതോ അല്ലെങ്കിൽ ആദരിക്കത്തക്കതോ എന്ന് വേദഭാഗം പറയുന്നില്ല. അവൻ ജനത്തെ നീതിപൂർവ്വം ദൈവവചനത്തെ ആദരിക്കുന്നതിലേക്കും, ദൈവ വഴിയിലേക്കും തിരിച്ചിരുന്നു എങ്കിൽ, പരിശുദ്ധാത്മാവ് തീർച്ചയായും പറയുമായിരുന്നു.

രണ്ട് വിധം ഭിന്നതയാണുള്ളത്: വിശ്വസ്തമായ ഭിന്നതയും കലഹപ്രിയമായ ഭിന്നതയും. ആദ്യത്തേത് ദൈവം വരുത്തുന്നതും രണ്ടാമത്തേത് പിശാച് വരുത്തുന്നതുമാണ്. ഒന്ന് സ്വർഗ്ഗീയവും മറ്റേത് ഭൗമീകവുമാണ്. ഒന്നാമത്തേത് സംഭവിക്കുന്നത് എഴുതപ്പെട്ടതും ജീവിക്കുന്നതുമായ സത്യം മുലമാണ് (2 കൊരിന്ത്യർ 6:16-18). യേശു പറഞ്ഞു, "ഞാൻ സമാധാനമല്ല, വാളത്രേ വരുത്തുവാൻ വന്നത്" (മത്തായി 10:34). യേശുവിനെ അനുഗമിക്കുവാൻ എടുക്കുന്ന തീരുമാനം കുടുംബത്തിൽ വിഭജനമുണ്ടായേക്കാം, ഭാര്യയും ഭർത്താവും തമ്മിലും, അല്ലെങ്കിൽ സഹോദരന്മാർ തമ്മിലും വേർപിരിഞ്ഞേക്കാം. ആ പിരിവ് ദൈവം ആദരിക്കുന്ന ഒന്നാണ്. ക്രിസ്ത്യാനി ആയതുകൊണ്ട്, ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വസ്തത നഷ്ടപ്പെടാതിരിക്കുവാൻ അത്തരം വേർപെടൽ ആവശ്യമായി വരും, അല്ലെങ്കിൽ ക്രിസ്തുവിനുവേണ്ടിയുള്ള നിങ്ങളുടെ

സ്വാധീനം ഉലക്കുമെന്നു വന്നാൽ, അവരുടെ ഇടയിൽ നിന്നു അകന്നു നിൽക്കണം. അത്തരം പിരിയൽ, ആവശ്യവും, ഉത്തമവും, ദൈവേഷ്ടവുമാണ്. അത് സ്വീകാര്യമായ ഭിന്നതയാണ്, അല്ലാതെ ശപിക്കപ്പെട്ട ഒന്നല്ല.

കലഹപ്രിയമായ ഭിന്നത ഒഴിവാക്കേണ്ടതായിട്ടുണ്ട്. പൗലൊസ് എഴുതി,

> സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോട് അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറ്റിനെയത്രേ സേവിക്കയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളകയും ചെയ്യുന്നു (റോമർ 16:17, 18).

കലഹപ്രിയരായ ആളുകൾ കുഴപ്പക്കാരാണ്, അവർ കുഴപ്പമുണ്ടാക്കുവാൻ പ്രശ്നത്തിനായി നോക്കിയിരിക്കും. അവർ അഭിപ്രായത്തെ ചൊല്ലിയും, വ്യക്തികളെ ചൊല്ലിയും, വ്യക്തിതാൽപര്യത്തെ ചൊല്ലിയും ഭിന്നിപ്പുണ്ടാക്കും, അല്ലാതെ സത്യത്തെ ചൊല്ലിയായിരിക്കുകയില്ല.

യിസ്രായേലിലുണ്ടായത് ഏതു തരം ഭിന്നതയായിരുന്നു: വിശ്വസ്തമോ അതോ കലഹപ്രിയമോ? സംഭവിക്കുവാൻ പാടില്ലാത്ത, കലഹപ്രിയമായ ഒന്നായിരുന്നു. അതു വരുത്തിയത് പിശാചായിരുന്നു, അല്ലാതെ ദൈവമായിരുന്നില്ല.

നിങ്ങൾക്ക് ഊഹിക്കാമോ? ആ ദേശം, ആത്മീയ മരണത്തിലേക്ക് വീഴുവാൻ പോകുകയും, കുടാതെ രണ്ടായി പിളർന്ന് അവരുടെ ശേഷിക്കുന്ന ഊർജ്ജത്തെ സങ്കീർണമാക്കി അന്യോന്യം പോരാടിക്കൊണ്ടിരിക്കയും ചെയ്യുന്നു. ആഭ്യന്തര കലഹം യിസ്രായേലിനെ വലുതായി പിടിച്ച് കുലുക്കിക്കൊണ്ടിരുന്നു.

യിസ്രായേലിന്റെ ചരിത്രം നമ്മെ ചിലതു പഠിപ്പിക്കുന്നു. മറ്റു സത്യങ്ങളോടൊപ്പം ഭിന്നതയുടെ തിന്മകളേയും അത് പ്രകടിപ്പിക്കുന്നു. അവരുടെ പരാജയങ്ങളിൽകുടെ ആ തിന്മകൾ നോക്കുക. ആ തിന്മകൾ ശ്രദ്ധിച്ചു നോക്കി, അതു നിങ്ങളുടെ ജീവിതത്തെ ബാധിക്കാതിരിക്കുവാൻ സൂക്ഷിക്കുക.

## ഭിന്നത നമ്മുടെ ശക്തിയെ ക്ഷയിപ്പിക്കുന്നു

കലഹപ്രിയമായ ഭിന്നതയുടെ ആദ്യ തിന്മ നമ്മുടെ ശക്തിയെ അത് ക്ഷയിപ്പിക്കുമെന്നതാണ്. യിസ്രായേൽ തങ്ങളുടെ ഊർജ്ജമെല്ലാം ഉപയോഗിച്ച് ആത്മീയ യഥാസ്ഥാനത്തിനായി ശ്രമിക്കേണ്ടിയിരുന്നു. പകരം, നാലോ അല്ലെങ്കിൽ അഞ്ചോ വർഷം വിഭജനം ഒഴിവാക്കുന്നതിനുവേണ്ടിയായിരുന്നു അവരുടെ ഊർജ്ജമെല്ലാം ഉപയോഗിച്ചത്. പ്രാർത്ഥനാ യോഗങ്ങൾക്കു പകരം, പോരാട്ടത്തിനുവേണ്ടിയുള്ള ആലോചനയായിരുന്നു; പ്രസംഗങ്ങൾ കേൾക്കുവാൻ കൂടിവരുന്നതിനു പകരം, അവർ തങ്ങളുടെ വാളിനു മൂർച്ചകൂട്ടുവാൻ കൂടിവന്നു. അവരുടെ വിഭവങ്ങൾ ഉപയോഗിച്ചത് മനുഷ്യരുടെ ഇഷ്ടപ്രകാരമുള്ള നേട്ടങ്ങൾക്കായിരുന്നു, അല്ലാതെ ദൈവത്തിന്റേതായിരുന്നില്ല.

യോജിച്ച ഒരു ചെറിയ കൂട്ടം ശക്തമാണ്; വിഭജിക്കപ്പെടുമ്പോൾ വലിയ കൂട്ടം പോലും ബലഹീനമാണ്. ഭിന്നത ഭവിക്കുമ്പോൾ സംഭവിക്കുന്ന ഹൃദയാ

ഘാതവും, വിചാരങ്ങളും നിമിത്തം, ആത്മീയ പോരാട്ടങ്ങൾക്കായി ഊർജ്ജം ഉപയോഗിക്കേണ്ടിവരും. ഒരു കോവർകഴുത ചവിട്ടുമ്പോൾ, അതിനു വലിക്കുവാൻ സാധ്യമല്ല; അന്യോന്യം പോരാടിക്കൊണ്ടിരിക്കുന്നവർക്ക് മുമ്പോട്ടു ചലിക്കുവാൻ സാധ്യമല്ല.

വടികൾ ഒരു പാഠ്യ വസ്തുവായെടുത്ത് മക്കളെ യോജിപ്പിക്കുവാൻ ശ്രമിച്ച ഒരു അപ്പന്റെ സംഭവം നിങ്ങൾ കേട്ടിരിക്കാം. അവരുടെ മുമ്പിൽ വെച്ച്, അയാൾ ഒരു വടിയെടുത്ത് ഒടിച്ചു കാണിച്ചു. അയാൾ മക്കളോട്, "ആ ഒരു വടി നിസാരമായി ഒടിഞ്ഞു." പിന്നെ അയാൾ രണ്ട് വടികൾ എടുത്തു അൽപ്പം പ്രയാസത്തോടെ ഒടിച്ചു കാണിച്ചു. അയാൾ പറഞ്ഞു, "മക്കളേ, നിങ്ങൾ രണ്ടുപേർ മാത്രം യോജിച്ചു നിന്നാലും അതിജീവിക്കുവാൻ പ്രയാസപ്പെടും." പിന്നെ അപ്പൻ പല വടികൾ ചേർത്തു പിടിച്ച് ഒടിക്കുവാൻ ശ്രമിച്ചു. അത് അയാളുടെ കൈകൾ കൊണ്ട് മാത്രം ഒടിക്കുവാൻ കഴിഞ്ഞില്ല; അവ ശക്തമായിരുന്നു. പിന്നെ പാഠത്തിലേക്കു തിരിഞ്ഞു. അയാൾ പറഞ്ഞു, "മക്കളേ, നിങ്ങളെല്ലാവരും ഒന്നിച്ചു നിന്നാൽ, പിശാചിനു നിങ്ങളെ കീഴ്പ്പെടുത്തുവാൻ സാധ്യമല്ല. നിങ്ങൾ ഒരാൾ മാത്രമായാൽ ബലഹീനമാകും. രണ്ടുപേർ ഒരുമിച്ചാൽ ശക്തികൂടും. എല്ലാവരും ഒത്തുചേർന്നാൽ അത് അജയ്യമായിരിക്കും." അയാൾ പഠിപ്പിച്ച പാഠം സത്യമാണെന്നു നമുക്കെല്ലാവർക്കും അറിയാം.

ഐക്യതയെ, ആർക്ക് വിലകുറഞ്ഞതായി ചിന്തിക്കുവാൻ കഴിയും? എങ്ങനെയായാലും, യിസ്രായേൽ ചിന്തിച്ചു, നമ്മളും ചിലപ്പോൾ ചിന്തിക്കും. യിസ്രായേൽ തങ്ങളുടെ രാജാവിനെ തിരഞ്ഞെടുക്കുവാൻ ദൈവത്തോട് ആലോചിക്കണമായിരുന്നു. പിന്നെ അവർ ദൈവത്തിന്റെ തിരഞ്ഞെടുപ്പിനെ അംഗീകരിക്കണമായിരുന്നു. അവർ അങ്ങനെ ചെയ്തിരുന്നു എങ്കിൽ, അവർ എല്ലാവരും യോജിച്ച്, അജയ്യമായ ഒരു ദേശമായി തീരുമായിരുന്നു. എങ്ങനെയായാലും, ആളുകൾ തങ്ങളുടെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കുവാൻ ശ്രമിച്ചപ്പോൾ, അവർക്ക് യോജിക്കുവാൻ കഴിഞ്ഞില്ല. ഒന്നു മറ്റൊന്നിലേക്ക് നയിക്കുകയും, പിളർപ്പ് സംഭവിക്കുകയും ചെയ്തു. എപ്പോഴും അതാണ് സംഭവിക്കുന്നത്. ദൈവവഴി ത്യജിക്കുന്നതിന്റെ ഫലമാണ് ഭിന്നത. ഒന്നുകിൽ ദൈവേഷ്ടത്തിന് കീഴ്പ്പെട്ട് അവർ സമ്മതിക്കുമ്പോഴോ അല്ലെങ്കിൽ പ്രത്യേകമായ സാഹചര്യത്തിൽ ഒന്നിച്ചു ചേരുവാൻ നിർബന്ധിതമാകുമ്പോഴോ അങ്ങനെ സംഭവിക്കും. എല്ലാവരും ആഗ്രഹിക്കുന്നതും അന്വേഷിക്കുന്നതും രണ്ടാമത്തെ വഴിയാണ്.

## ഭിന്നത നമ്മുടെ ഭക്തിയുടെ സ്ഥാനം മാറ്റുന്നു

നമ്മുടെ ഭക്തിയുടെ സ്ഥാനം മാറ്റുന്നതാണ് ഭിന്നതയുടെ മറ്റൊരു തിന്മ. യിസ്രായേലിന് യിസ്രായേലിന്റെ ദൈവത്തോടാണ് ഭക്തിവേണ്ടിയിരുന്നത്. അവരുടെ ഏക അദ്ധ്യക്ഷൻ അവനായിരുന്നു. രാജാവ് ഭൂമിയിലെ അവന്റെ പ്രതിനിധിയുമായിരുന്നു. ഭൂമിയിലെ ആളുകളെ ദൈവത്തിനായി "വേർപെട്ട" ദേശമായി അവരെ നയിക്കുക എന്നതായിരുന്നു രാജാവിന്റെ ദൗത്യം. യിസ്രായേൽ രണ്ടുകൂട്ടമായി വിഭജിച്ചപ്പോൾ ഓരോ കുടുംബവും ഓരോ ഭാഗത്തിനു വിധേയപ്പെടേണ്ടി വന്നു. ദൈവത്തിൻകീഴിൽ ഏക ഹൃദയവും ഏക ആത്മാവുമുള്ള ദേശമായി തീരുന്നതിനു പകരം, യിസ്രായേൽ രണ്ട് ദേശങ്ങളായി, ഒന്നിന്മേൽ മറ്റൊന്നു ആധിപത്യം പുലർത്താൻ

ശ്രമിച്ചുകൊണ്ടിരുന്നു. ദൈവത്തിൻകീഴുള്ള ഒരു ദേശത്തിന് എങ്ങനെ അത് ചെയ്യുവാൻ കഴിയും? അവരുടെ സമർപ്പണം ദൈവത്തിൽ നിന്ന് ഒരു സംഘത്തിലേക്ക് തിരിഞ്ഞു, ദൈവത്തിന്റെ ഇഷ്ടത്തിൽ നിന്ന് സ്വന്തം ഇഷ്ടത്തിലേക്ക് മാറി.

പുതിയ നിയമത്തിലെ പ്രാകൃത സ്വഭാവങ്ങളിൽ, അസൂയയും, പകയും, ഭിന്നതയും ഉൾപ്പെടുത്തിയിരിക്കുന്നു (1 കൊരിന്ത്യർ 3:3). മറ്റൊരു വാക്കിൽ പറഞ്ഞാൽ പ്രാകൃത സ്വഭാവമെന്നത് നൃത്തം, മദ്യപാനം, അ-ശ്ലീല സിനിമകൾ കാണുന്നത് എന്നിവക്ക് അപ്പുറമായി ചില ആളുകൾ ആ മൂന്നു പ്രവൃത്തികളേയും ഭീകരമായി കാണുന്നു, അവർ ശരിയായിരിക്കാം; നിർഭാഗ്യവശാൽ അത്തരം ആളുകൾ അസൂയ, പക, ഭിന്നത, എന്നിവയിൽ പ്രാവീണ്യമുള്ളവരായിരിക്കും. ഭിന്നതയും വഴക്കും സഭയുടെ ദുഃഖത്തിന് കാരണമാകുമെന്ന് പരിശുദ്ധാത്മാവ് വർഷങ്ങൾക്കു മുമ്പ് അറിഞ്ഞു, നമ്മുടെ ശ്രദ്ധയെ കവർന്നെടുക്കുന്ന അത്തരം തിന്മകളെ മുന്നറിയിച്ചിരുന്നു.

നമ്മുടെ ഭക്തി നഷ്ടപ്പെടുത്തുന്ന തിന്മ നാമധേയ വിഭാഗങ്ങളിൽ കാണുന്നില്ലേ? ക്രസ്ത്യാനികളെന്നു അവകാശപ്പെടുന്നവർ വിഭജിക്കപ്പെട്ട് ഭിന്നതയെ വളർത്തും. അവർ പ്രത്യേകമായ പേരുകൾ എടുക്കുകയും, തങ്ങൾക്കുവേണ്ടി പ്രത്യേക വിശ്വാസപ്രമാണങ്ങൾ എഴുതുകയും ശാശ്വതമായി തങ്ങളെ സംഘടിപ്പിക്കുകയും ചെയ്തു. ക്രിസ്തുവിനോടും അവന്റെ സഭയോടുമാണ് ഭക്തി പുലർത്തേണ്ടത്. “അവരുടെ സഭയോടും,” “അവരുടെ വിശ്വാസത്തോടും.” അവർ ഭക്തി പുലർത്തുന്നു. ക്രസ്തു അവരുടെ ജീവിതത്തിൽ മുഴുവനും ആകേണ്ട സ്ഥാനത്ത് ഒരു ഭാഗം മാത്രമാക്കി അവർ ക്രിസ്തുവിനെ മാറ്റുന്നു. മുൻവിധി കൂടാതെ ആ ദൈവവചനം മാത്രം എടുത്താൽ, നാമധേയ വിഭാഗങ്ങളൊന്നും കാണപ്പെടുകയില്ല. തിരുവെഴുത്ത് ഉപദേശിക്കുന്നത് ഏക സഭയാണ് (എഫെസ്യർ 4:4, 5). ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ സമ്പാദിച്ചത് ആ സഭ മാത്രമാണ് (പ്രവൃത്തികൾ 20:28). “എന്റെ” സഭ എന്നോ, “നിങ്ങളുടെ” സഭ എന്നോ, “നമ്മുടെ” സഭയെന്നോയില്ല, *അവന്റെ* സഭയാണ്. ക്രിസ്തുവിന്റെ ഇഷ്ടത്തിന് കീഴ്പ്പെടുന്നവരെ അല്ലാതെ ആരെയും അതിലേക്ക് ചേർക്കുന്നില്ല, ക്രിസ്തുവിന്റെ സഭയിൽ മാത്രമായി കൂട്ടു ചേർക്കാതെയും എടുത്തു മാറ്റാതെയും ജീവിക്കുന്നില്ലെങ്കിൽ ക്രിസ്തുവിനുവേണ്ടി ജീവിക്കുന്നില്ല.

ഒരു വലിയ തെറ്റിനെതിരെ സൂക്ഷിക്കുവാൻ ഞാൻ എന്റെ വിദ്യാർത്ഥികളോട് ഉപദേശിക്കും: നിങ്ങൾ അന്ത്യ നാളിൽ ദൈവത്തിന്റെ സിംഹാസനത്തിനടുത്തേക്ക് വരുമ്പോൾ, അഭിപ്രായങ്ങളുടേയും, വ്യക്തിത്വങ്ങളുടേയും, വ്യക്തി താല്പര്യങ്ങളുടേയും പേരിൽ സഭയെ ഭിന്നിപ്പിച്ച രേഖയുമായി വരരുത്. അത് നിങ്ങളുടെ പേരിലുള്ള ഏറ്റവും നാശകരമായ വിധിഎഴുത്തായിരിക്കും. നിങ്ങൾ ഒരു സുവിശേഷ പ്രവർത്തകനാണ്. സമാധാനം പ്രസംഗിക്കുക, ആത്മാവിന്റെ ഐക്യതയിലാണ് അല്ലാതെ ഭിന്നതയിലല്ല അത് ചെയ്യേണ്ടത്. സഹോദരന്മാരേ യോജിപ്പിക്കുക; അവരെ വേർപെടുത്തരുത്. ദൈവം സമാധാനത്തിന്റെ ദൈവമാണ്; ക്രിസ്തു സമാധാന പ്രഭുവാണ്; സുവിശേഷം എല്ലാവരോടും സമാധാനം ആചരിക്കുവാൻ തന്നിരിക്കുന്ന ഒന്നാണ്.

### ഭിന്നത നമ്മുടെ ശ്രദ്ധയെ വ്യാപിപ്പിക്കുന്നു

നമ്മുടെ ശ്രദ്ധയെ വ്യാപിപ്പിക്കുന്നതാണ് ഭിന്നതയുടെ മൂന്നാമത്തെ തിന്മ. അത് നമ്മെ ലക്ഷ്യത്തിൽ നിന്ന് അകറ്റുകയും, മറ്റൊന്നിന് ഊന്നൽ കൊടുത്ത്

ദൈവത്തിന്റെ ഉദ്ദേശത്തിൽ നിന്ന് നമ്മെ അകറ്റുകയും ചെയ്യുന്നു.

യിസ്രായേൽ എന്തിലായിരുന്നു ശ്രദ്ധിക്കേണ്ടിയിരുന്നത്? ദേശത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയിൽ, ദൈവേഷ്ടം അന്വേഷിച്ചുകൊണ്ട് അവരെ വിളിച്ച ദൈവീക ഉദ്ദേശം ആരായണമായിരുന്നു. യിസ്രായേൽ, തങ്ങൾക്കു ചുറ്റുമുള്ള ദേശങ്ങൾക്ക് ദൈവമഹത്വം വെളിപ്പെടുത്തണമായിരുന്നു. ദേശം രണ്ടായി ഭാഗിക്കപ്പെട്ടപ്പോൾ, അവരുടെ ശ്രദ്ധ സിംഹാസനത്തിലുള്ള "ഞങ്ങളുടെ" രാജാവ്, അല്ലെങ്കിൽ "തങ്ങൾ" ക്കെതിരായുള്ള പോരാട്ടത്തിലെ വിജയം എന്നിവയിലേക്കു തിരിഞ്ഞു.

അതേ വിപത്ത്, പലപ്പോഴും, സഭക്കു നേരിടുവാൻ സാദ്ധ്യതയുണ്ട്. നാം സംഘങ്ങളായി പിരിയുമ്പോൾ, സഭക്ക് വാസ്തവത്തിലുള്ള ദൈവീകമായ ഉദ്ദേശം നമ്മിൽ നഷ്ടമാകുന്നു: ദേശങ്ങൾക്കു സാക്ഷ്യമായി ലോകത്തോട് സുവിശേഷമറിയിക്കുക (മർക്കൊസ് 16:15; 1 തിമൊഥെയോസ് 3:15). ഭിന്നത ഭവിക്കുമ്പോൾ, ദൈവേഷ്ടത്തിനു പകരം, നമ്മുടെ പ്രത്യേക കൂട്ടങ്ങളിലേക്കും വ്യക്തിപരമായ പദ്ധതികളിലേക്കും ശ്രദ്ധ തിരിയും.

സഭകൾ പിളരുകയും തങ്ങളുടെ ദൈവീകമായ ഉദ്ദേശം നഷ്ടപ്പെടുത്തുകയും ചെയ്തതു അക്ഷരീകമായി എനിക്കറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഇടവകകൾ ഒന്നിച്ച് നിന്നാൽ, ഓരോന്നിനും ഭൂമിയിൽ എല്ലായിടവും സുവിശേഷം എത്തിക്കുവാൻ കഴിയും. അവർക്ക് ചിലവാക്കുവാൻ പണവും, പ്രവർത്തിക്കുവാൻ ആളുകളും ഉണ്ടായിരുന്നു, പക്ഷെ അവർ പിളർന്നു പോയി. പിരിഞ്ഞു പോയവർക്ക് (തീർച്ചയായും), കെട്ടിടങ്ങൾ പണിയേണ്ടി വന്നു, അതിനു അവർക്കുണ്ടായിരുന്ന പണമെല്ലാം ചിലവഴിച്ചു. അവിടെത്തന്നെ നിന്ന ചെറിയകൂട്ടത്തിന് കെട്ടിടങ്ങൾ കേടുകൂടാതെ സുക്ഷിക്കേണ്ടതായും വന്നു. ഓരോ സംഭവത്തിലും അവർക്ക് യോജിച്ചു നിന്ന് ചെയ്യുവാൻ കഴിയാതെ ഇപ്പോൾ തങ്ങളിലേക്കുതന്നേ ഒതുങ്ങേണ്ടതായും വന്നു. ഭിന്നത അവരുടെ ശ്രദ്ധയെ തിരിച്ചു വിട്ടു. തിബ്നിക്കും ഒമ്രിക്കും സംഭവിച്ചതാണ് അവർക്ക് അനുഭവപ്പെട്ടത്.

യിസ്രായേൽ ഭിന്നതക്ക് ഇരയായപ്പോൾ, തിന്മ വ്യതിചലിച്ച ശ്രദ്ധ അവളിലേക്ക് ഇറങ്ങുകയും, അവളുടെ അഭിലാഷത്തിൽ ദൈവീകമായ ഉദ്ദേശം ഇല്ലാതാകുകയും ചെയ്തു. അവൾ പിന്നെ ദൈവേഷ്ടത്തെക്കുറിച്ച് ചിന്തിക്കാതായി; അവൾ അങ്ങനെ "എന്റെ വഴിയിൽ കാര്യങ്ങൾ ചെയ്യുന്ന" അന്യദേവനെ വണങ്ങുന്ന ദേശത്തെപ്പോലെയായി.

**ഉപസംഹാരം**

യിസ്രായേലിന്റെ ഇരുണ്ട നിമിഷങ്ങളിൽ നിന്ന് നാം പാഠം പഠിക്കുമോ? ഭിന്നത ദൈവത്തോട് അടുപ്പിക്കയല്ല, ദൈവത്തിൽ നിന്നു അകറ്റുകയാണ് ചെയ്യുന്നത്.

കൻസാസിലെ കോതമ്പു വയലിൽ കാണാതപോയ ഒരു പെൺകുട്ടിയുടെ കഥ പറയുകയുണ്ടായി. വിളഞ്ഞ് പൊങ്ങിനിൽക്കുന്ന ആ വയലിൽക്കൂടെ നടന്ന പെൺകുട്ടി തന്റെ അമ്മയെ കാണാതെ അലഞ്ഞു തിരിഞ്ഞു. അവളെ കാണാതെയായെന്ന് മനസിലായപ്പോൾ, ഒരു വലിയ തിരച്ചിൽ സംഘടിപ്പിച്ചു. പരിഗണിക്കേണ്ടതു തന്നെയായിരുന്നു സമയം, കാരണം രാത്രി വന്നാൽ തണുപ്പും കാറ്റും മറ്റപകടങ്ങളും സംഭവിച്ചേക്കാം. അന്വേഷിക്കുന്നവർ എല്ലാ ദിശയിലും പോയി, പക്ഷേ വിജയിച്ചില്ല. വിലയേറിയ സമയം കടന്നുപോയി. പ

കലിലെ അന്വേഷണം തീർന്ന് രാത്രി വന്നു. രണ്ടാം ദിവസം രാവിലെ, ചർച്ചിലെ അദ്ധ്യക്ഷന്മാരിൽ ഒരാൾ പറഞ്ഞു എല്ലാവരും കൈകൾ കോർത്ത് വയൽ അരിച്ചു പെറുക്കാം, പെൺകുട്ടിയെ കണ്ടെത്തുന്നതു വരെ ഒരിഞ്ചു സ്ഥലം പോലും തിരയാതിരിക്കരുത്. അവരെല്ലാവരും ഒന്നിച്ചു ചേർന്നു കൈകൾ ചേർത്തു പിടിച്ച് വയലിൽ തിരഞ്ഞപ്പോൾ അല്പ സമയത്തിനുള്ളിൽ അവർ പെൺകുട്ടിയെ കണ്ടു. അവൾ വയ്ക്കോൽ കുടിക്കിടന്നതിന്റെ മറവിൽ, ചൂടു കിട്ടുന്നതിനായി ഇരുന്നിരുന്നു, പക്ഷേ അവർ കണ്ടെത്തിയപ്പോൾ താമസിച്ചു പോയി. പെൺകുട്ടി മരിച്ചു കഴിഞ്ഞിരുന്നു. ആരോ പിന്നീടു പറഞ്ഞു, “നാം ഉടനെ കൈകൾ കോർത്ത് തിരഞ്ഞിരുന്നു എങ്കിൽ നമുക്കവളെ ജീവനോടെ രക്ഷിക്കാമായിരുന്നു.” മതപരമായ വിഭജനലോകത്തിനു സുവിശേഷ സന്ദേശം നഷ്ടപ്പെട്ടവരിലേക്കു എത്തിക്കുന്നത് ആ നിരീക്ഷണം പോലെയാണെന്ന് ദൈവം പറഞ്ഞിരിക്കുന്നു. നാം കൈകൾ കോർത്തുകോണ്ട് തിരുവെഴുത്തിലെ വ്യക്തമായ ഉപദേശങ്ങളെ അനുസരിച്ച്, ക്രിസ്തുവിന്റെ സഭയായി, ക്രിസ്തുവിൽ ഒന്നായിതീർന്നാൽ, ഈ ലോകത്തിൽ പാപത്തിന്റെ കെണിയിൽ അകപ്പെട്ട കൂടുതൽ ആളുകളെ നമുക്ക് അതിൽ നിന്ന് മോചിപ്പിക്കുവാൻ കഴിയും. എന്നാൽ ഭിന്നതയുടെ മുടന്തിലും അനുസരണക്കേടിലുമായാൽ, ദുഷ്ടതയിലും അശ്രദ്ധയിലും കഴിയുന്നവരെ സുവിശേഷം കേൾപിക്കുവാനോ അത് അനുസരിക്കുവാനുള്ള അവസരം നല്കുവാനോ കഴിയുകയില്ല.

ദൈവത്തിന് മനുഷ്യരോടുള്ള ആഹ്വാനത്തിൽ വിലയുള്ളതാണ് ക്രിസ്തുവിലുള്ള ഐക്യത. ക്രിസ്ത്യാനിത്വത്തിന്റെ ആധികാരികതക്കുള്ള തെളിവാണ് ക്രിസ്തുവിലുള്ള ഐക്യത. അ-കൈസ്തവൻ പോലും ശ്രദ്ധിക്കുന്ന തിന്മയാണ് ഭിന്നത. എല്ലാവരും ആഗ്രഹിക്കുന്നത് ഐക്യതയാണ്, അല്ലാതെ ഭിന്നതയല്ല.

നാം ദൈവസന്നിധിയിലേക്ക് ഒരുമിച്ചു യാത്രചെയ്യുന്ന തീർത്ഥാടകരാണ്. ക്രിസ്ത്യാനികളെന്നു പറയപ്പെടുന്ന എല്ലാവരും അപ്പോസ്തലപ്രവൃത്തികളിലെ ആദ്യ ക്രിസ്ത്യാനികളുടെ ഐക്യതയും കൂട്ടായ്മയുമുള്ള സൗഹൃദബന്ധത്തെ കാണണം. നമുക്ക് പുതിയ നിയമ ക്രിസ്ത്യാനികളായി ആത്മാവിന്റെ ഐക്യതക്കും സമാധാന ബന്ധത്തിനുമായി ശ്രമിക്കാം (എഫെസ്യർ 4:3). നാം യേശുവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുമ്പോൾ, 2 വപത്രോസ് 3:14 ലെ സന്ദേശം നമ്മുടെ കാര്യപരിപാടി ആകണം: “അവനാൽ നാം സമാധാനത്തിലാകണം.”

**പഠിക്കേണ്ട പാഠം:**
**ഭിന്നത ദൈവത്തിൽ നിന്നല്ല, പിശാചിൽ നിന്നാണ്.**
**അത് ഒഴിവാക്കുക.**